# MEENADOM
# ST. MARY'S YERUSALEM CHURCH



ഈപള്ളി അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും അപ്പോസ്തോലിക സിംഹാസനത്തിൽ ഭാഗ്യ മോടെ വാണരുളുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാമാരുടെയും അവിടുന്ന് വാഴിച്ച് അധികാരപ്പെടുത്തുന്ന ശ്രേഷ്ഠ കാതോലിക്കാ ബാവാമാരുടെയും മെത്രാപ്പോലീത്താമാരുടെയും അധികാരത്തിൻ കീഴിൽ അനുസരിച്ച് നിലകൊള്ളുന്ന ഒരു ദേവാലയമാണ്. 1980–ൽ പള്ളിക്കുള്ള സ്ഥലം മണ്ണൂർ ശ്രീ. ചെറിയാൻ ചെറിയാനും മാളിയേക്കൽ ശ്രി.ചാണ്ടി വർഗീസും മാളിയേക്കൽ ശ്രി. ചാണ്ടി കുര്യാ ക്കോസും മണ്ണൂർ ദിവ്യശ്രീ ജേക്കബ് ചെറിയാൻ അച്ചനും കൂടി ആലോചിച്ചു വാങ്ങി.

1980 മാർച്ച് 3–ാം തീയതി കല്ലിട്ട് പണി ആരംഭിച്ചു. ഈ ദേവാലയം 1980 മേയ് 8, 9 തീയതികളിൽ ശ്രേഷ്ഠ ബസേലിയോസ് പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും ഇട വകയുടെ സഹായ മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസിന്റെയും (പെരു മ്പള്ളി തിരുമേനി) അഭിവന്ദ്യ യാക്കൂബ് മാർ തീമോത്തിയോസ് തിരുമേനിയുടെയും സഹകാർമ്മികത്വ ത്തിലും വി. ദൈവമാതാവിന്റെയും വി. ഗീവർഗീസ് സഹദായുടെയും വി. തോമ്മാശ്ലീഹായുടെയും തിരുനാ മങ്ങളിൽ കൂദാശ ചെയ്യപ്പെട്ടു. തുടർന്ന് വികാരിയായി ദിവ്യശ്രീ ജേക്കബ് ചെറിയാൻ കശ്ശീശ മണ്ണൂർ നിയമി ക്കപ്പെട്ടു. ബഹുമാനപ്പെട്ട അച്ചനുശേഷം അനേക വൈദിക ശ്രേഷ്ഠർ ഈ ദേവാലയത്തിൽ ശുശ്രൂഷ അനു ഷ്ഠിച്ചിട്ടുണ്ട്.

വി. ദൈവമാതാവിന്റെ നാമത്തിൽ ഡിസംബർ 26, 27 തീയതികളിൽ വി. മാതാവിന്റെ പുകഴ്ചപ്പെരുനാൾ പ്രധാന പെരുനാളായി പള്ളിയിൽ ആഘോഷിച്ചു വരുന്നു. അതോടൊപ്പം വി. ഗീവർഗീസ് സഹദായുടെ നാമത്തിൽ മേയ് ആദ്യത്തെ ഞായറാഴ്ച കല്ലിട്ട പെരുനാളും ആഘോഷിക്കുന്നു. ഇപ്പോൾ ഈ ഇടവക യിൽ 26 വീട്ടുകാർ ഉണ്ട്. ഒന്നിടവിട്ട ഞായറാഴ്ചകളിൽ വി. കുർബ്ബാന അർപ്പിച്ചു വരുന്നു. ഇപ്പോൾ വികാരി യായി സേവനമനുഷ്ഠിക്കുന്നത് കോമടത്തുശ്ശേരിൽ ബഹു. ജേക്കബ് മാത്യു കശ്ശീശയാണ്. മണ്ണൂർ ദിവ്യ ശ്രീ. ജേക്കബ് ചെറിയാൻ കശ്ശീശ, തൂത്തൂട്ടി മാർ ഗ്രീഗോറിയോസ് ധ്യാനകേന്ദ്രം ഡയറക്ടർ തേറാമ്പിൽ ബഹു. സഖറിയ കശ്ശീശ എന്നിവർ ഈ ഇടവകാംഗങ്ങളാണ്.

*Source: Kottayam Diocese Souvenir, 2007*